(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള ആരോപണങ്ങളെ സംബന്ധിച്ച് എന്തെങ്കിലും ജുഡീഷ്യൽ അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ജുഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു എന്നും കമ്മീഷന്റെ കാലാവധി എത്രമാസമാണ് എന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാരിന്റെ 17-5-2005-ലെ 15999/എസ്. എസ്. എ. 2/05/ ആഭ്യന്തരം നമ്പർ വിജ്ഞാപനം അനുസരിച്ച് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ 16-3-1995 മുതൽ 15-3-2005 വരെയുള്ള കാലയളവിൽ ഉണ്ടായ ക്രമക്കേടുകളെയും, വ്യാപാര സാധനങ്ങൾ ശേഖരിച്ചതിൽ ഉണ്ടായ അഴിമതികളെ പറ്റിയും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റിട്ട. ജില്ലാ ജഡ്ജി ശ്രീ. ഇ. കെ. മുരളീധരനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി) (1) 16-3-1995 മുതൽ 15-3-2005 വരെയുള്ള കാലഘട്ടത്തിൽ കോർപ്പറേഷൻ തുടർന്നുവന്ന വാങ്ങൽ നയവും നടപടിക്രമങ്ങളും എന്തൊക്കെയായിരുന്നു. ഈ വാങ്ങൽ നയത്തിലും നടപടി ക്രമത്തിലും എന്തെങ്കിലും വ്യതി ചലനങ്ങൾ ഉണ്ടായിട്ടുണ്ടോ?

(2) ഈ കാലഘട്ടത്തിൽ കോർപ്പറേഷൻ വ്യാപാര വസ്തുക്കൾ വാങ്ങിയതിൽ സാമ്പത്തികമായി എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ? ഇത്തരം ക്രമക്കേടുകൾക്കെതിരെ തക്കസമയത്ത് ഫലപ്രദമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? വാങ്ങൽ നടത്തിയിട്ടുള്ളതിലെന്തെങ്കിലും ബാഹ്യ സ്വാധീനങ്ങൾ ഉണ്ടായിട്ടുണ്ടോ?

(3) എന്ത് നടപടികളാണ് കോർപ്പറേഷന്റെ സുതാര്യവും ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് സ്വീകരിക്കേണ്ടത്?

(4) എന്തെല്ലാം പരിഹാര നടപടികളാണ് ഭാവിയിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കുന്നത് തടയുവാൻ സ്വീകരിക്കേണ്ടത്?

കമ്മീഷന്റെ കാലാവധി 12 മാസമാണ്.

(സി) ഇല്ല

ശ്രീചിത്രാ പുവർഹോമിലെ അന്തേവാസികൾക്ക് തൊഴിൽ

138 [451] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രീചിത്രാ പുവർഹോമിലെ അന്തേവാസികളായിരുന്നവരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ പമ്പുകളിൽ തെഴിലാളികളായി നിയമിച്ചിരുന്നുവോ; എങ്കിൽ എത്ര പേരെ;

(ബി) അവർക്ക് കൊടുത്തിരുന്ന നിത്യവേതനം എത്രയായിരുന്നു;

(സി) അവരുടെ നിയമന കാലാവധി എത്രയായിരുന്നു;

(ഡി) കാലാവധി കഴിഞ്ഞ് അവരെ പിരിച്ചുവിട്ടുവോ;

(ഇ) അവരെ പിരിച്ചുവിട്ട സ്ഥാനത്ത് നിയമിക്കപ്പെട്ടവരുടെ നിത്യവേതനം എത്രയായിരുന്നു;

(എഫ്) ശ്രീചിത്രാ പുവർഹോമിലെ അന്തേവാസികളെ മറ്റുള്ളവർക്ക് നൽകിയിരുന്ന നിത്യവേതനത്തിൽ നിയമിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) അവർക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പെട്രോൾ പമ്പുകളിൽ സ്ഥിര നിയമനം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ശ്രീചിത്രാ പുവർഹോമിലെ അന്തേവാസികളായിരുന്ന 16 പേരെ തിരുവനന്തപുരം റീജിയണൽ ഓഫീസിനു കീഴിൽ വിവിധ പെട്രോൾ ബങ്കുകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

(ബി) അവർക്ക് 8 മണിക്കൂർ ഉള്ള ഷിഫ്റ്റിന് വേതനവും, കൂടാതെ വിൽപ്പനയെ അടിസ്ഥാനമാക്കിയുള്ള ഇൻസെന്റീവും ഉൾപ്പെടെ ശരാശരി 60 രൂപ പ്രകാരം നൽകിയിരുന്നു.

(സി) അവർ കോൺട്രാക്ട് അടിസ്ഥാനത്തിൽ 5 വർഷം ജോലി ചെയ്യുകയും, തുടർന്ന് സംഘടന രൂപീകരിക്കുകയും ഈ സംഘടനയുടെ ചുമതലയിൽ പുതുക്കിയ കോൺട്രാക്ട് പ്രകാരം ഒരു വർഷം കൂടി ജോലി നോക്കിയിരുന്നു.

(ഡി) കോൺട്രാക്ട് കാലാവധി തീർന്നതിനാലും അവരുടെ സേവനം തൃപ്തികരമല്ലാത്തതിനാലും സേവനം 30-11-2005-ൽ അവസാനിപ്പിച്ചു.

(ഇ) ഇപ്പോൾ ദിവസക്കൂലിക്ക് നിയമിക്കപ്പെട്ടവരുടെ നിത്യവേതനം 8 മണിക്കൂറിന് 75 രൂപ നിരക്കിലാണ് നൽകുന്നത്.

(എഫ്) ദിവസക്കൂലിയിൽ വർദ്ധന വരുത്തണമെന്നും, തസ്തികയിൽ തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള സങ്കട ഹർജി കോർപ്പറേഷന് ലഭിച്ചിരുന്നു.

(ജി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജൂനിയർ മാനേജർവരെയുള്ള സ്ഥിര നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ് നടത്തുന്നത്. അതിനാൽ അവരെ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly